(37)

# അർധവാർഷിക പരീക്ഷ 2011-12

## മലയാളം-കേരളപാഠാവലി

സമയം: ഒന്നര മണിക്കൂർ

10-ാം തരം | സ്കോർ: 40

**നിർദ്ദേശങ്ങൾ:**

* 15 മിനുട്ട് കൂൾഓഫ് ടൈം ആണ്. ഈ സമയത്ത് ചോദ്യങ്ങൾ ശ്രദ്ധയോടെ വായിച്ചു മനസ്സിലാക്കുക.
* എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
* ചോദ്യങ്ങളുടെ സ്കോർ പരിഗണിച്ച് സമയം ക്രമീകരിക്കണം.

1.

കിണർ അടിവരെ താഴ്ന്നതോടെ ഉതുപ്പാന്റെ മടിശ്ശീലയുടെ നെല്ലിപ്പലകയും കണ്ടു.

'നെല്ലിപ്പലക കാണുക' എന്ന ശൈലി വാക്യത്തിനു നൽകിയ അർത്ഥഭംഗി വിശദീകരിച്ച് കുറിപ്പുതയാറാക്കുക. *(സ്കോർ 4)*

2.

പ്രകാശപൂർണമായ വീക്ഷണമാണ് ജീവിതത്തെ കൂടുതൽ ആസ്വാദ്യകരമാക്കുന്നത്.

- ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ മാധവിക്കുട്ടിയുടെ 'കടലിന്റെ വക്കത്ത് ഒരു വീട്' എന്ന കഥ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക. *(സ്കോർ 6)*

3.

ഒരു ദിവസം സ്ഥലത്തുള്ള പോലീസ് സ്റ്റേഷനിൽ നിന്നും മൂന്നു വലിയ ഇരുമ്പു പെട്ടികൾ ഏറ്റുവാങ്ങാനുള്ള നോട്ടീസ് കിട്ടി. അതു നിറയെ ഉയർന്നതരം പട്ടാള ഉദ്യോഗസ്ഥന്റെ ഉടുപ്പുകളായിരുന്നു. ഒരു പെട്ടിയിൽ അവൾ അയാളുടെ കഴുത്തി ലിട്ട വിവാഹമാല്യം ഉണ്ടായിരുന്നു. അത് ഉണങ്ങിക്കരിഞ്ഞുപോയി. നാണി അകാ രണമായി നടുങ്ങി.

- തീവ്രമായ യുദ്ധാനുഭവത്തെ ആവിഷ്ക്കരിക്കാൻ തകഴി ഉപയോഗപ്പെടുത്തിയ രീതി പരി ശോധിക്കുക. *(സ്കോർ 4)*

4.

"ഒരു സ്ത്രീ അമ്മയാകുമ്പോൾ ലോകത്തിന്റെ മുഴുവൻ അമ്മയാവുകയാണ്".

- ഗാന്ധാരിവിലാപത്തെ അടിസ്ഥാനമാക്കി ഈ പ്രസ്താവനയുടെ പൊരുൾ വിശദീകരി ക്കുക. *(സ്കോർ 4)*

5.

- ഇവനെന്തു പ്രാന്താണെന്ന് ചിലർ പറഞ്ഞു.
- വല്ല നിധിയും കിട്ടുമെന്നുവച്ചാ പാവം പാടുപെടുന്നത്.
- തെമ്മാടി! വഴിയുടെ വക്കിലൊരു കിണർ കുഴിച്ചിട്ടിരിക്കുന്നു. പശുവിനെ അഴിച്ചുവിട്ടാൽ കൂടെക്കൂടെ നോക്കണെ പിള്ളാരെ!

ഉതുപ്പാന്റെ പ്രവൃത്തിയോടുള്ള സമൂഹത്തിന്റെ പ്രതികരണങ്ങളാണിത്.

എന്നും നന്മ ചെയ്യുന്നവർക്ക് കിട്ടുന്ന പാരിതോഷികങ്ങളാണ് ഇത്തരം പ്രതികരണങ്ങൾ.

- ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? കഥയിലെ മറ്റു സന്ദർഭങ്ങൾ കൂടി കണ്ടെത്തി നിങ്ങളുടെ അഭിപ്രായം കുറിപ്പായി എഴുതുക. *(സ്കോർ 4)*

6.

"വെട്ടുക, മുറിക്കുക, പങ്കുവെക്കുക  
ഗ്രാമം, പത്തനം, ജനപദമൊക്കെയും  
കൊന്നും തിന്നും വാഴുക  
പുലികളായ് സിംഹങ്ങളായ്  
മർത്ത്യനാവുക മാത്രം വയ്യ  
ജന്തുത ജയിക്കുന്നു.  
.......................................................  
ശാന്തിതൻ സൗഗന്ധികം  
തിരഞ്ഞു പോക നാം ഈ അശാന്തി പർവങ്ങളിൽ"

സ്കൂളിൽ തയാറാക്കുന്ന യുദ്ധവിരുദ്ധ പതിപ്പിൽ ഒ.എൻ.വി.യുടെ ഈ വരികളുടെ ആശയം പരിഗണിച്ചുകൊണ്ട് ഒരു എഡിറ്റോറിയൽ തയാറാക്കുക. *(സ്കോർ 6)*

7.

എന്തുഭാഗ്യം!  
എനിക്ക് എന്തുഭാഗ്യമാണ് ഇപ്പോൾ?

- വാക്യാവസാനത്തിലെ ചിഹ്നങ്ങൾ ശ്രദ്ധിച്ചല്ലോ. ഈ ചിഹ്നങ്ങൾ ധ്വനിപ്പിക്കുന്ന ഭാവതലം കണ്ടെത്തി കുറിപ്പ് തയാറാക്കുക. *(സ്കോർ 2)*

8.

'മനുഷ്യബന്ധങ്ങളാണ് ജീവിതത്തിന്റെ നിലനിൽപിനാധാരം. ധനമോഹം സ്വാർത്ഥതാൽപര്യം എന്നിവ ഈ ബന്ധങ്ങളെ ശിഥിലമാക്കുന്നു.'

- സമകാലികസാഹചര്യങ്ങൾ കൂടി പരിഗണിച്ച് മനുഷ്യബന്ധങ്ങളുടെ പ്രാധാന്യം വെളിപ്പെടുത്തുന്ന ഉപന്യാസം തയാറാക്കുക. *(സ്കോർ 6)*

9.

“കാലടി മുഴുവനും വിള്ളലാണല്ലോ; താങ്കൾ
മേലിൽ നഗ്നപാദനായി നടന്നേക്കരുതെങ്ങും ”

“അന്നെന്നെ നയിച്ചൊരീ നഗ്നപാദങ്ങൾ നേടി-
ത്തന്നൊരാ ബലമെന്റെ ശക്തിതൻ മൂലാധാരം”

- കവിതയിലെ വ്യത്യസ്ത വീക്ഷണങ്ങളാണ് ഇവിടെ കാണുന്നത്. ഇവ താരതമ്യം ചെയ്ത് കുറിപ്പു തയാറാക്കുക.

*(സ്കോർ-4)*